(ഇ) എങ്കിൽ ആ പോസ്റ്റിനോടനുബന്ധിച്ച ജോലികൾ ഇപ്പോൾ നിർവഹിക്കുന്നതെപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ക്ലറിക്കൽ അസിസ്റ്റന്റ് പോസ്റ്റ് നിറുത്തലാക്കിയിട്ടുള്ളപക്ഷം അത് പുനഃസ്ഥാപിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 356 തസ്തികകൾ

(ബി ആന്റ് സി) 19/11/2003-ലെ സ.ഉ.(പി) നമ്പർ 34/2003/പി ആന്റ് എ. ആർ. ഡി. പ്രകാരം അധിക തസ്തികകളെന്ന് കണ്ടെത്തിയ 4 തസ്തികകൾ നിറുത്തലാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) റിക്കാർഡുകൾ സൂക്ഷിക്കുന്ന ജോലി നിർവ്വഹിച്ചിരുന്ന ക്ലറിക്കൽ അറ്റന്റർ 1-6-2004-ൽ റിട്ടയർ ചെയ്തതോടുകൂടിയാണ് പ്രസ്തുത തസ്തിക നിറുത്തലാക്കപ്പെട്ടത്. അതിനുശേഷം അതാതു സെക്ഷനിൽ ഉള്ളവർ തന്നെയാണ് റിക്കാർഡുകൾ സൂക്ഷിക്കുന്നത്.

(എഫ്) അധിക തസ്തികയെന്ന് കണ്ടെത്തിയതിനാൽ, ഇപ്പോൾ പരിഗണനയിലില്ല.

ഫറോക്ക് ഇ.എസ്.ഐ. റഫറൽ ആശുപത്രിയുടെ ശോച്യാവസ്ഥ

32 [519] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. റഫറൽ ആശുപത്രിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻപേഷ്യൻസിനു അനിവാര്യമായി വേണ്ടുന്ന ബെഡ്ഷീറ്റുകൾ, ബെഡ്സൈഡ് ലോക്കറുകൾ, സ്റ്റൂളുകൾ എന്നിവ ഈ സ്ഥാപനത്തിലില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ആയത് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉപയോഗ്യമല്ലാത്ത ആശുപത്രി ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനോ പുതിയവ നൽകാനോ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുതുതായി നൽകിയ ഉപകരണങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ബെയ്ൻ സർക്യൂട്ട് എന്ന ഉപകരണം അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി വരുന്ന ചെലവെത്രയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കോഴിക്കോട്-മലപ്പുറം ജില്ലകളിലെ തൊഴിലാളികളുടെ ഏക ആശ്രയമായ ഈ ആശുപത്രി നവീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ ബെഡ്ഷീറ്റ്, കിടക്ക, മെത്ത, ബെഡ്സൈഡ് ലോക്കർ, സ്റ്റൂൾ എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ആനുൽ മെയ്ന്റനൻസ് കോൺട്രാക്റ്റ് നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഫറോക്ക് ആശുപത്രിയിലെ പ്രവർത്തന രഹിതമായ അൾട്രാസൗണ്ട് സ്കാൻ മെഷീൻ ആനുൽ മെയിന്റനൻസ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ള ഏജൻസിയെക്കൊണ്ട് അടിയന്തിരമായി റിപ്പയർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ബെയ്ൻ സർക്യൂട്ട് എന്ന ഉപകരണം വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന് 1528 രൂപ വിലയുണ്ട്.

(ഇ) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രി നവീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകൾ

33 [520] ശ്രീ. എ. സി. ഷണ്മുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നുവെന്നുള്ള വിവരം വെളിപ്പെടുത്താമോ;

(ബി) ഇതിൽ ഏറ്റവും കൂടുതൽ അംഗങ്ങളുള്ള ക്ഷേമനിധി ബോർഡ് ഏതാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റവും കൂടുതൽ സംഖ്യ നിക്ഷേപമുള്ള ക്ഷേമനിധി ബോർഡ് ഏതാണെന്ന് വ്യക്തമാക്കാമോ;

(ഡി) ബിൽഡിംഗ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങൾ ചേർന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ വെൽഫെയർ ബോർഡിലെ നിക്ഷേപ പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly